# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1320** **06.03.2020 ൽ മറുപടിയ്ക്ക്**

**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.യു. ആർ. പ്രദീപ് | | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) | കൃഷിവകുപ്പ് വളരെ വിജയപ്രദമായി നടപ്പിലാക്കിയ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി ഈ വർഷവും നടപ്പിലാക്കുന്നതിന് ഉദ്ദേശ്യമുണ്ടോയെന്ന് അറിയിക്കുമോ; | എ) | ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2017-18 വർഷം ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി'. പ്രസ്തുത പദ്ധതി ഈ വർഷവും നടപ്പിലാക്കുന്നുണ്ട്. |
| ബി) | മുൻവർഷങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ ഓണക്കാലത്ത് പച്ചക്കറി ലഭ്യത ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട് എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | ബി) | ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയ്ക്കായി വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ പായ്ക്കറ്റുകളും പച്ചക്കറി തൈകളും വിതരണം ചെയ്യുന്നു. കൂടാതെ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും പച്ചക്കറി വിത്തു പായ്ക്കറ്റുകൾ കർഷകർക്ക് വിതരണം ചെയ്തു. ഈ പദ്ധതിയിലൂടെ വിഷരഹിതമായ പച്ചക്കറികൾ വീട്ടുവളപ്പിൽ തന്നെ ഉല്പാദിപ്പിക്കുകയും തദ്ധാര പച്ചക്കറി ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഓണക്കാലത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കൃഷി ഭവന്റെ കീഴിൽ ഓണസമൃദ്ധി വിപണികളിലൂടെയും ഇക്കോഷോപ്പ്, ബി.എൽ.എഫ്.ഒ. മാർക്കറ്റ്, ആഴ്ച ചന്ത, ക്ലസ്റ്റർമാർക്കറ്റ് എന്നിവയിലൂടെ വിപണനം നടത്തി പച്ചക്കറി ലഭ്യത ഉറപ്പ് വരുത്തുന്നു. |
| സി) | സ്കൂൾ കുട്ടികളെ കൂടി ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; | സി) & ഡി) | 'ഓണത്തിനു ഒരു മുറം പച്ചക്കറി' പദ്ധതി സ്കൂൾ വിദ്യാർത്ഥികളെയും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കി കൊണ്ടാണ് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്.<br>സംസ്ഥാനത്ത് സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന |

| | |
|---|---|
| ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ? | പദ്ധതി പ്രകാരം 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകത്തിൽ ഉൾപ്പെടുത്തി ഓരോ വർഷവും സംസ്ഥാനത്തെ തിരെഞ്ഞടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിന് പ്രധാന്യം നൽകുന്നുണ്ട്. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് ഒരു വിദ്യാലയത്തിന് 4,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. കൂടതെ വിദ്യാർത്ഥി/ വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കുമായി 1000 രൂപ പ്രവർത്തന ചെലവായും നൽകി വരുന്നു, 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പമ്പ്സെറ്റ്/ കിണർ എന്നിവ സ്ഥാപിക്കുന്നതിന് 10,000 രൂപ നിരക്കിലും ധനസഹായം നൽകുന്നു. വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് 10 രൂപ വില വരുന്ന 4 മുതൽ 5 ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി നൽകി വരുന്നു.<br>പച്ചക്കറി ഉല്പാദനത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ 65 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് ഓണത്തിന് ഒരു മുറം പച്ചക്കറി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം പച്ചക്കറി വിത്ത് പാക്കറ്റുകൾ, തൈകൾ, ഗ്രോബാഗ് യൂണിറ്റുകൾ എന്നിവ നല്കി വരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ , സന്നദ്ധ സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരെ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>ഓണത്തിന് ഒരു മുറം പദ്ധതിയിൽ പച്ചക്കറി കൃഷിയ്ക്ക് ജൈവ കൃഷി രീതികൾക്ക് പ്രധാന്യം നല്കുന്നതിലൂടെ ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറി ലഭ്യമാകുകയും, അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള വിഷലിപ്തമായ പച്ചക്കറികളുടെ ഇറക്കുമതി തോത് കുറയ്ക്കുന്നതിനും സാധിക്കുന്നുണ്ട്. |

Mayal

സെക്ഷൻ ഓഫീസർ